(ബി) ഈ പദ്ധതിയുടെ നിർമ്മാണം 1993-ൽ ആരംഭിച്ചു. പ്ലാന്റിന്റെ പണി പൂർത്തീകരിച്ചു വരുന്നു. പമ്പിംഗ് മെയിൻ പൈപ്പ് ലൈനിന്റെ പണി പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ മുറിയുടെ പണി നടന്നുവരുന്നു. 500 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള പണിയും പമ്പ് സെറ്റ് വയ്ക്കാനുള്ള പണിയും തുടങ്ങുവാൻ നടപടികളായിട്ടുണ്ട്.

(സി) ഫണ്ടിന്റെ ദൗർലഭ്യം കാരണമാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നത്.

ആലപ്പുഴയിൽ ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ജലസേചന പദ്ധതി

41 [1727] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ ഹഡ്കോയുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ജലസേചന പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എന്നായിരുന്നു എന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ പുരോഗതിക്ക് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ നീക്കി പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹഡ്കോയുടെ സഹായത്തോടുകൂടി ജലസേചന പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മൈനർ ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ച് വി.സി.ബി. കം-ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി

42 [1728] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വിഭാഗത്തിൽ ഏതെല്ലാം വികസന പ്രവൃത്തികളാണ് ഗ്രാമ വികസനത്തിന്റെ ഭാഗമായി നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly